# ഒരിക്കൽ സംവരണം ലഭിച്ച വിഭാഗങ്ങൾക്ക് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസുവഴി വീണ്ടും സംവരണം നല്കാനുള്ള സർക്കാർനീക്കം നിയമവിരുദ്ധമാണ്

സർക്കാർനയങ്ങളുടെയും പദ്ധതികളുടെയും ഫലപ്രദമായ നിർവഹണത്തിനായി ഒരു രണ്ടാംനിര ഉദ്യോഗസ്ഥതലസംവിധാനം സൃഷ്ടിക്കുക എന്നതാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് (KAS) രൂപീകരണത്തിലൂടെ സംസ്ഥാനഗവണ്മെന്റ് ലക്ഷ്യമിടുന്നത് എന്നുവേണം മനസ്സിലാക്കാൻ. ഈ സംവിധാനം 1.1.2018 മുതൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ചട്ടങ്ങൾവഴി നിലവിൽവന്നിരിക്കുകയാണ്.

പുതിയതായി രൂപീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ നിയമനം നടത്തുന്നത് മൂന്ന് സ്ട്രീമുകൾ വഴിയാണ്. നേരിട്ട് നിയമനം നടത്തുന്നത് സ്ട്രീം ഒന്നിൽ മാത്രമാണ്. തസ്തികമാറ്റം വഴിയാണ് സ്ട്രീം രണ്ടിലും മൂന്നിലും നിയമനം നടത്തുന്നത്. അതായത്, പ്രൊബേഷൻ പ്രഖ്യാപിച്ച കെ.എ.എസ്. ചട്ടങ്ങളോട് അനുബന്ധമായ പട്ടിക 1-ൽ ഉള്ള ഗവണ്മെന്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് സ്ട്രീം രണ്ടിലും, ഒന്നാം ഗസറ്റഡ് തസ്തികയിലോ അതിനു മുകളിലോ ഉള്ള ഉദ്യോഗസ്ഥർക്ക് സ്ട്രീം മൂന്നിലേക്കും അപേക്ഷിക്കാവുന്നതാണ്. നിലവിലുള്ള പൊതുചട്ടങ്ങൾ അനുസരിച്ച് ഒരിക്കൽ സംവരണാനുകൂല്യം നേടി സർവീസിലെത്തിയവർക്ക് രണ്ടാമതൊരു സംവരണം ലഭിക്കുന്നതിന് അർഹത ഉണ്ടായിരുന്നില്ല. അത് പാലിച്ചുകൊണ്ടുതന്നെയാണ് ഇപ്പോഴത്തെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് നിലവിൽവന്നത്.

അങ്ങനെയിരിക്കെയാണ് സർക്കാരുദ്യോഗസ്ഥരിൽനിന്നുള്ള നിയമനം ഉദ്യോഗക്കയറ്റത്തിന്റെ പരിധിയിൽ വരുന്നതിനാൽ സ്ട്രീം 2-ലും 3-ലും സംവരണം നടപ്പിലാക്കാൻ സാധിക്കുമോ എന്ന് അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം സർക്കാർ തേടിയത്. പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് ഭരണഘടനയുടെ ആർട്ടിക്കിൾ 16 (4എ) പ്രകാരം ഉദ്യോഗക്കയറ്റത്തിന് സംവരണം നല്കാമെങ്കിലും ഏതൊരു സർവീസിലാണോ നിയമനം നടത്തുന്നത് ആ വിഭാഗത്തിന് മതിയായ രീതിയിലുള്ള പ്രാതിനിധ്യം അതിൽ ഇല്ലായെന്നും അത്തരം സംവരണം ഭരണത്തിന്റെ കാര്യക്ഷമതയെ ബാധിക്കില്ല എന്നുമുള്ള വ്യക്തമായ കാര്യകാരണസഹിതമുള്ള വസ്തുതകളും കണക്കുകളും ഉണ്ടെങ്കിൽമാത്രമേ സംവരണം നല്കാവൂ എന്ന് നാഗരാജ് കേസിൽ സുപ്രീംകോടതി പ്രഖ്യാപിച്ചിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ, സർക്കാരിന്റെ ഏറ്റവും വലിയ നിയമോദ്യോഗസ്ഥനായ അഡ്വക്കേറ്റ് ജനറൽതന്നെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിന്റെ ആരംഭത്തിൽ സ്ട്രീം 2-ലും 3-ലും പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾക്ക് സംവരണം നടപ്പിലാക്കാൻ കഴിയില്ല എന്ന ഉപദേശമാണ് നല്കിയത്. കൂടാതെ, ഉദ്യോഗക്കയറ്റത്തിന് സംവരണം ബാധകമാക്കാൻ പാടില്ല എന്ന് സുപ്രീംകോടതിയുടെ 9 അംഗ ബഞ്ച് ഇന്ദിരാ സാഹ്നി കേസിൽ വിധി പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

നിയമം അനുസരിച്ച് പ്രവർത്തിക്കേണ്ട സർക്കാർ, തങ്ങൾ നിയമിച്ച നിയമോദ്യോഗസ്ഥൻ നല്കിയ ഉപദേശവും പരമോന്നതകോടതിയായ സുപ്രീംകോടതിയുടെ വിധിന്യായങ്ങളും മറികടന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ ഭേദഗതി കൊണ്ടുവന്ന് സ്ട്രീം 2-ലും 3-ലും നിയമവിരുദ്ധമായി പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾക്കും ഒ.ബി.സി. വിഭാഗത്തിനും സംവരണം ഏർപ്പെടുത്തുകയാണ് ചെയ്തത്. ഇത് ഭരണഘടനാവിരുദ്ധവും സുപ്രീംകോടതിവിധികളുടെ നഗ്നമായ ലംഘനവുമാണ്.

സംസ്ഥാനഗവണ്മെന്റിന്റെ ഏകപക്ഷീയവും സാമൂഹ്യനീതിക്കു വിരുദ്ധവുമായ ഈ നടപടി ഉദ്യോഗസ്ഥരിൽ ചേരിതിരിവും വിഭാഗീയതയും ഉണ്ടാക്കുന്നതിനും അർഹരായവരുടെ അവകാശം നിഷേധിക്കുന്നതിനും കാര്യക്ഷമത ഇല്ലാതാക്കുന്നതിനും ഇടവരുത്തുന്നതാണ്. ഇത് യാതൊരു കാരണവശാലും അംഗീകരിക്കാവുന്നതല്ല.